പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 583 11-06-2013 - ൽ മറുപടിക്ക്

## നിയമ സഹായ ക്ലിനിക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>" ജോസഫ് വാഴക്കൻ<br>" കെ. ശിവദാസൻ നായർ<br>" വർക്കല കഹാർ | ശ്രീ. കെ.എം. മാണി<br>(ബഹു, ധനകാര്യവും, നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് നിയമ സഹായ ക്ലിനിക്കുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | സംസ്ഥാനത്ത് 231 നിയമ സഹായ ക്ലിനിക്കുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എവിടെയെല്ലാമാണ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നത് ; | കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ അനുബന്ധ സ്ഥാപനങ്ങളായ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റി, സെൻട്രൽ ജയിൽ ഉൾപ്പെടെയുള്ള ജയിലുകൾ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോടതികൾ, സന്നദ്ധ സംഘടനകൾ, മാനസിക രോഗാശുപത്രി, ബുദ്ധിമാന്ദ്യമുള്ള സ്ത്രീകൾക്കായുള്ള സ്ഥാപനം എന്നിവയോടനുബന്ധിച്ച് സംസ്ഥാനമൊട്ടാകെ 231 നിയമ സഹായ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. |

| | | |
|---|---|---|
| (സി) | എന്തെല്ലാം നിയമസഹായങ്ങളാണ് ഇതുവഴി വിദ്യാർത്ഥികൾക്ക് നൽകുന്നത്; | പ്രസ്തുത നിയമ സഹായ ക്ലിനിക്കുകളിൽ അഭിഭാഷകരും പാരാ ലീഗൽ വോളന്റിയർമാരും തങ്ങളെ സമീപിക്കുന്ന വിദ്യാർത്ഥികൾക്കുൾപ്പടെയുള്ള പൊതു ജനങ്ങൾക്ക് അവരുടെ നിയമപ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയും നിയമോപദേശം നൽകുകയും ചെയ്തു വരുന്നു. മേൽ നടപടി ആവശ്യമുള്ള കേസുകളിൽ കക്ഷികളെ അതാത് ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളെ സമീപിക്കുവാൻ വേണ്ട നിയമസഹായം ലീഗൽ എയ്ഡ് ക്ലിനിക്കുകൾ മുഖേന നല്കി വരുന്നു. |
| ഡി | ഇവയുടെ പ്രവർത്തനവുമായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നത്; വിശദമാക്കാമോ ? | കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ അനുബന്ധസ്ഥാപനങ്ങളായ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റി, സെൻട്രൽ ജയിൽ ഉൾപ്പെടെയുള്ള ജയിലുകൾ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോടതികൾ, കോളേജുകൾ, സ്കൂളുകൾ, സന്നദ്ധ സംഘടനകൾ, എന്നിവയാണ് നിയമസഹായ ക്ലിനിക്കുകളുമായി സഹകരിച്ച് പ്രവർത്തിച്ചു വരുന്നത്. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.